## പതിനാലാം കേരള നിയമസഭ

ഇരുപത്തിരണ്ടാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 323 | 12.01.2021 ൽ മറുപടിയ്ക്ക് |
|---|---|
| **സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമ പദ്ധതികൾ** | |
| ചോദ്യം | മറുപടി |
| **ശ്രീമതി വീണാ ജോർജ്ജ്**<br>**ശ്രീ കെ. കുഞ്ഞിരാമൻ**<br>**ശ്രീ . പി . ഉണ്ണി**<br>**പ്രൊഫ . കെ. യു. അരുണൻ** | **കെ.കെ.ശൈലജ ടീച്ചർ**<br>**(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പ് മന്ത്രി)** |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ; | (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സ്ത്രീകളുടെയും കുട്ടികളുടെയും ക്ഷേമത്തിനും ഉന്നമനത്തിനുമായി വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു.<br>സ്ത്രീകൾക്കായുള്ള പദ്ധതികൾ<br>1. അഭയകിരണം.<br>2. സഹായഹസ്തം.<br>3. പടവുകൾ.<br>4. സമ്പുഷ്ട കേരളം പദ്ധതി<br>5. അതിജീവിക.<br>6. എന്റെ കൂട്.<br>7. വൺ ഡേ ഹോം.<br>8. സ്വയം തൊഴിൽ വായ്പാ പദ്ധതി.<br>9. മിത്ര 181<br>10. വനമിത്ര (ആദിവാസി വനിതാ വികസന പദ്ധതി)<br>11. ബോധ്യം – പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി.<br>12. പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൺ – REACH ഫിനിഷിംഗ് സ്കൂളിൽ വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി. |

| | |
|---|---|
| | 13. വനമിത്ര കേന്ദ്രം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ.<br>14. ഷീ ടോയ്‌ലെറ്റ്.<br>15. Advanced Skill Ennancement Programme for Nurses (ASEP-N).<br>16. വനിതാ സഹകരണ സംഘങ്ങൾക്കുള്ള വായ്പാ പദ്ധതി.<br>17. ദേശീയ സഫായി കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSKFDC)<br>18. ദേശീയ പട്ടികവർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSTFDC).<br>19. ആർത്തവ ശുചിത്വ പരിപാലന പരിശീലന ക്ലാസ്സുകൾ.<br>20. വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടികൾ.<br>21. ഐ.സി.സി. ബോധവത്കരണം.<br>**കുട്ടികൾക്കായുള്ള പദ്ധതികൾ**<br>1. പ്രഥമ സഹസ്രദിനങ്ങൾ<br>2. മൊബേൽ ക്രഷ്<br>3. ഉജ്ജ്വല ബാല്യം<br>4. ഗ്രൂപ്പ് ഫോസ്റ്റർ കെയർ<br>5. കിൻഷിപ്പ് ഫോസ്റ്റർ കെയർ<br>6. ആഫ്റ്റർ കെയർ പദ്ധതി.<br>7. കാവൽ<br>8. കാവൽ പ്ലസ്<br>9. പാരന്റിംഗ് ക്യാമ്പയിൻ - കരുതൽ സ്പർശം<br>10. ശരണബാല്യം.<br>വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

| | |
|---|---|
| (ബി) സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യ താമസൗകര്യവും ഭക്ഷണവും നൽകുന്ന എന്റെ കൂട് പദ്ധതി ഏതെല്ലാം ജില്ലകളിലാണ് ആരംഭിച്ചിട്ടുള്ളത്; പദ്ധതിയുടെ വിശദാംശം നൽകുമോ; | (ബി) കോഴിക്കോട്, തിരുവനന്തപുരം ജില്ലകളിലാണ് നിലവിൽ 'എന്റെ കൂട്' പ്രവർത്തിച്ചു വരുന്നത്. കോഴിക്കോട് നഗരത്തിൽ കസബ പോലീസ് സ്റ്റേഷന സമീപമുള്ള കെട്ടിടത്തിലും തിരുവനന്തപുരം ജില്ലയിൽ തമ്പാനൂർ ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിൽ 8-ാം നിലയിലും പ്രവർത്തിക്കുന്നു. എന്റെ കൂടിൽ പ്രവേശനം തികച്ചും സൗജന്യമാണ്. ഒറ്റയ്ക്ക് യാത്ര ചെയ്യേണ്ടി വരുന്ന സ്ത്രീകൾക്കും ജോലി സംബന്ധമായും അല്ലാതെയും നഗരങ്ങളിൽ താമസിക്കേണ്ടിവരുന്ന സ്ത്രീകൾക്കും രാത്രിയിൽ സുരക്ഷിത താമസ സൗകര്യം ഒരുക്കുന്നു. ടി സ്ഥാപനത്തിന്റെ പ്രവർത്തനസമയം രാത്രി 6.30 മണി മുതൽ പിറ്റേന്ന് രാവിലെ 7.30 മണിവരെയാണ്. രാത്രി 8 മണി വരെ പ്രവേശനം നേടുന്നവർക്ക് ഭക്ഷണം സൗജന്യമാണ്. |
| (സി) അശരണരായ വിധവകൾക്ക് സ്വയം തൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം ഉറപ്പാക്കാൻ സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ, വിശദമാക്കുമോ; | (സി) അശരണരായ വിധവകൾക്ക് സ്വയംതൊഴിൽ കണ്ടെത്തി ഉപജീവനമാർഗ്ഗം ഉറപ്പാക്കുന്നതിന് സഹായഹസ്തം എന്ന പേരിൽ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. സാമ്പത്തിക സഹായം നൽകുന്നതിന് 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്നു. ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. വനിതാ വികസന കോർപ്പറേഷൻ മുഖേന മിതമായ പലിശ നിരക്കിൽ സ്വയം തൊഴിൽ വായ്പ നൽകി വരുന്നു. |

| | |
|---|---|
| (ഡി) തൊഴിൽ വൈദഗ്ധ്യം ഉറപ്പാക്കി തൊഴിൽ രംഗത്ത് സ്ത്രീ പങ്കാളിത്തം വർദ്ധിപ്പിക്കാൻ ഷീ സ്കിൽസ് പദ്ധതി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ? | (ഡി) നടപ്പാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## സ്ത്രീകൾക്കായുള്ള പദ്ധതികൾ

### 1. അഭയ കിരണം

സ്വന്തമായി വീടോ സ്ഥിര വരുമാനമോ ഇല്ലാത്ത അഭയ സ്ഥാനമില്ലാതെ കഴിയുന്ന വിധവകളുടെ (ഭർത്താവ് മരിച്ചവർ, ഭർത്താവ് ഉപേക്ഷിച്ച് 7 വർഷം ആയവർ) ജീവിതം മെച്ചപ്പെടുത്തുന്നതിനും അവരെ സംരക്ഷിക്കുന്നതിനുമാണ് ഈ പദ്ധതി ലക്ഷ്യമിടുന്നത്. ഇങ്ങനെയുള്ള വിധവകളെ സംരക്ഷിക്കുന്ന കുടുംബത്തിലെ ഉത്തരവാദിത്വപ്പെട്ട വ്യക്തിയ്ക്ക് മാസം 1000 രൂപ ധനസഹായം നൽകുന്ന പദ്ധതിയാണ് .

### 2. സഹായഹസ്തം

സാമ്പത്തികമായി പിന്നോക്കം നിൽക്കുന്ന 55 വയസ്സിന് താഴെ പ്രായമുള്ള വിധവകൾക്ക് സ്വയം തൊഴിൽ ചെയ്യുന്നതിന് ധനസഹായം നൽകുന്ന പദ്ധതിയാണ് 'സഹായഹസ്തം' ജില്ലാതല മോണിറ്ററിംഗ് ആന്റ് ഇവാല്യൂഷൻ കമ്മിറ്റി തെരഞ്ഞെടുക്കുന്ന ഗുണഭോക്താവിന് 30,000/- രൂപ ഒറ്റത്തവണ ധനസഹായം നൽകുന്നു. ഒരു ജില്ലയിൽ നിന്നും ഒരു വർഷം 10 പേർക്ക് ഇപ്രകാരം ധനസഹായം അനുവദിക്കുന്നു.

### 3. പടവുകൾ

കേരളത്തിൽ ജനങ്ങളുടെ ആയുർ ദൈർഘ്യം വർദ്ധിച്ചിട്ടുണ്ടെങ്കിലും അപകടങ്ങൾ, പെട്ടെന്നുള്ള മരണം എന്നിവ ഏറി വരുന്നതായും കാണപ്പെടുന്നു. പലപ്പോഴും ഇങ്ങനെയുള്ള വിധി വൈപരീതത്വത്തിന് ഇരയാകുന്നത് പുരുഷൻമാരും അതിൽ തന്നെ ഭൂരിഭാഗവും കുടുംബ നാഥൻമാരുമാണ്. ഇത്തരത്തിൽ വിധവകളാക്കപ്പെടുന്ന സ്ത്രീകളും കുട്ടികളും അരക്ഷിതാവസ്ഥയിലും അനാഥത്വത്തിലുമാണ് തുടർന്ന് ജീവിക്കുന്നത്. ഇത്തരം കുടുംബത്തിൽപ്പെടുന്ന കുട്ടികളെയും കുടുംബങ്ങളെയും സംരക്ഷിക്കുന്നതിന്റെയും പുനരുദ്ധരിക്കുന്നതിന്റെയും ഭാഗമായാണ് പടവുകൾ പദ്ധതി ആരംഭിച്ചത്. വിധവകളായ സ്ത്രീകളുടെ കുടുംബത്തിന്റെ ഭാവി സുരക്ഷിതമാക്കുന്നതിനായി മെരിറ്റ് അടിസ്ഥാനത്തിൽ പ്രവേശനം നേടി വിവിധ അംഗീകൃത പ്രൊഫഷണൽ കോഴ്സുകളിൽ പഠിക്കുന്ന അവരുടെ കുട്ടികളുടെ ട്യൂഷൻ ഫീസ്, ഹോസ്റ്റൽ ഫീസ് എന്നിവയ്ക്ക് ധനസഹായം നൽകുക എന്നതാണ് 'പടവുകൾ' എന്ന ഉന്നത വിദ്യാഭ്യാസ ധനസഹായ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

Section Officer

**4. സമ്പുഷ്ടകേരളം പദ്ധതി**

സ്ത്രീകൾ, കൗമാരക്കാർ, ശിശുക്കൾ എന്നിവരുടെ പോഷകാഹാരക്കുറവ് പരിഹരിക്കുന്നതിനായി സമ്പുഷ്ട കേരളം പദ്ധതി നടപ്പാക്കി വരുന്നു. നാഷണൽ ന്യൂട്രീഷൻ മിഷന്റെ ഭാഗമാണിത്. സമ്പുഷ്ട കേരളം പദ്ധതിയിൽ 152 ബ്ലോക്കുകളിലും 6 കോർപ്പറേഷനുകളിലും ന്യൂട്രീഷൻ ക്ലിനിക്കുകൾ ആരംഭിച്ചു. വിവിധ വകുപ്പുകളുടെ പങ്കാളിത്തത്തോടെയുള്ള പദ്ധതി നടപ്പാക്കുന്നത് അങ്കണവാടികളിലൂടെയാണ്.

5. **അതിജീവിക**

കുടുംബനാഥന്റെ ഏക ആശ്രയത്തിൽ കഴിഞ്ഞിരുന്ന കുടുംബങ്ങളിൽ ഗൃഹനാഥൻ ഗുരുതരമായ അസുഖത്താൽ കിടപ്പിലാവുകയോ രോഗം മൂലം മരണപ്പെടുകയോ ചെയ്യുമ്പോൾ നിത്യ ചെലവിനും ആശുപത്രി ചെലവിനും കുട്ടികളുടെ വിദ്യാഭ്യാസത്തിനും മറ്റുമാർഗമില്ലാതെ സ്ത്രീകൾ ദുരിതമനുഭവിക്കേണ്ടി വരുന്നു. വിധവകൾ, ഭർത്താവ് ഗുരുതര രോഗത്താൽ കിടപ്പിലായ കുടുംബം, ഭർത്താവ് ഉപേക്ഷിച്ചതോ, വിവാഹബന്ധം വേർപെടുത്തിയതോ ആയിട്ടുള്ള സ്ത്രീകളുള്ള കുടുംബം എന്നിവർ എല്ലാംതന്നെ ഈ അവസ്ഥ അഭിമുഖീകരിക്കേണ്ടി വരുന്നു. ഭർത്താവിന്റെ അകാല മരണത്താൽ രോഗചികിത്സ തടസ്സപ്പെടുകയും വീട് നിർമ്മാണത്തിന് ബാങ്കിൽ നിന്നും എടുത്ത ലോണുകളുടെ തിരിച്ചടവ് മുടങ്ങുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്ന അവസ്ഥ സംജാതമാകുന്നു. ഈ വിഭാഗത്തിൽപ്പെടുന്ന സ്ത്രീകൾക്ക് അടിയന്തിരഘട്ടത്തിൽ ആശ്വാസം നൽകുന്ന പദ്ധതിയാണ് അതിജീവിക. പരമാവധി 50,000/- രൂപ വരെയാണ് നൽകുന്നത്.

6. **എന്റെ കൂട്**

സ്ത്രീകൾക്കും കുട്ടികൾക്കും രാത്രികാലങ്ങളിൽ സൗജന്യ താമസസൗകര്യവും ഭക്ഷണവും നൽകുന്ന എന്റെ കൂട് പദ്ധതി തിരുവനന്തപുരത്ത് തമ്പാനൂർ കെ.എസ്.ആർ.ടി.സി ബസ് ടെർമിനലിലെ KTDFC കെട്ടിടത്തിൽ 8-ാം നിലയിലും കോഴിക്കോട് കസബ പോലീസ് സ്റ്റേഷന് സമീപമുള്ള കെട്ടിടത്തിലും പ്രവർത്തിക്കുന്നു.

7. **വൺ ഡേ ഹോം**

തലസ്ഥാന നഗരിയിൽ വിവിധ ആവശ്യങ്ങൾക്കായി എത്തുന്ന സ്ത്രീകൾക്ക് സുരക്ഷിത താമസ സൗകര്യം ഒരുക്കുക എന്ന ലക്ഷ്യത്തോടെ തിരുവനന്തപുരം

Section officer

നഗരസഭയുടെ സഹകരണത്തോടെ വൺ ഡേ ഹോം പദ്ധതി ആരംഭിച്ചു. തിരുവനന്തപുരം KSRTC ബസ് ടെർമിനലിലെ 8-ാം നിലയിൽ പ്രവർത്തിക്കുന്നു.

വനിത വികസന കോർപ്പറേഷൻ വഴി നടപ്പിലാക്കുന്ന പദ്ധതികൾ

**8. സ്വയം തൊഴിൽ നേടുന്നതിനായി കുറഞ്ഞ പലിശ നിരക്കിൽ (3.5% മുതൽ 6%) വായ്പാ സൗകര്യം**

വായ്പാ പദ്ധതികൾ

1) സ്വയം തൊഴിൽ വായ്പാ പദ്ധതി
2) വിദ്യാഭ്യാസ വായ്പാ പദ്ധതി
3) ലഘു വായ്പാ പദ്ധതി

**9) മിത്ര 181**

സ്ത്രീ സുരക്ഷയും, ശാക്തീകരണത്തിനുമായി ബന്ധപ്പെട്ട് കേന്ദ്രാവിഷ്കൃത പദ്ധതിയായ മിത്ര 181 എന്ന പേരിൽ 24 മണിക്കൂറും പ്രവർത്തിക്കുന്ന വനിതാ ഹെൽപ്പ് ലൈൻ 2017 മുതൽ പ്രവർത്തിച്ചു വരുന്നു.

**10) വനമിത്ര (ആദിവാസി വനിതാ വികസന പദ്ധതി)**

കോഴിക്കോട് ജില്ലയിൽ ചക്കിട്ടപാറ ഗ്രാമ പഞ്ചായത്തിലെ മുതുകാട് ആദിവാസി സെറ്റിൽമെന്റ് കോളനിയിൽ 'വനമിത്ര' എന്ന പേരിൽ ആദിവാസി സ്ത്രീകളുടെ തൊഴിൽ നൈപുണ്യം വികസിപ്പിച്ചു കൊ ണ്ട് അവരെ സമൂഹത്തിന്റെ മുഖ്യധാരയിലേക്ക് കൊണ്ടു വരാനായുള്ള പദ്ധതി ആവിഷ്ക്കരിച്ച് നടപ്പിലാക്കിയിട്ടുണ്ട്. 18 നും 55 നും വയസ്സിനുമിടയിൽ പ്രായമുള്ള സ്ത്രീകൾക്ക് വിവിധ മേഖലകളിൽ തൊഴിൽ പരിശീലനം നൽകി കൊണ്ട് അവർക്ക് മെച്ചപ്പെട്ട ജീവിത സാഹചര്യം ഒരുക്കുന്നതിനും അതിലൂടെ സമ്പൂർണ്ണ വികസനത്തിനുമായി 2017-18 ൽ ആരംഭിച്ച് പ്രവർത്തിച്ച് വരുന്നു. ഇതിന്റെ ഭാഗമായി ചക്കിട്ടപ്പാറയിൽ 50 വനിതകൾക്ക് പശു വളർത്തലിലും തീറ്റപ്പുൽ കൃഷിക്കും പരിശീലനം പൂർത്തിയാക്കി പശു വിതരണത്തിനും പശു തൊഴുത്ത് നിർമ്മാണത്തിനുമുള്ള നടപടി ക്രമങ്ങൾ ആരംഭിച്ചു.

**11) ബോധ്യം -പോലീസ് ഉദ്യോഗസ്ഥർക്കുള്ള ലിംഗാവബോധ പരിശീലന പരിപാടി**

സമൂഹത്തിൽ നിലനിൽക്കുന്ന വൈവിധ്യങ്ങളെയും ലിംഗപദവി വിവേചനത്തെയും കുറിച്ചുള്ള ശരിയായ അറിവ് ക്രമസമാധാന സേനയുടെ നീതി പൂർവമായതും കാലാനുസൃതവുമായ പ്രവർത്തനത്തിന് ആവശ്യമാണെന്ന് തിരിച്ചറിവിനെ തുടർന്ന് സംസ്ഥാനത്തെ പോലീസ് ഉദ്യോഗസ്ഥർക്കായി ലിംഗാവബോധ പരിശീലനം നൽകുന്നതിനുള്ള ബോധ്യം പദ്ധതി 2019 മുതൽ നടപ്പാക്കി വരുന്നു.

Suma
Section Officer

12) **പ്രൊഫഷണൽ ഗ്രൂമിംഗ് അക്കാഡമി ഫോർ വിമൻ - REACH ഫിനിഷിംഗ് സ്കൂളിൽ വനിതകൾക്ക് തൊഴിൽ പരിശീലന പരിപാടി**

2018-19 മുതലാണ് ഫിനിഷിംഗ് സ്കൂൾ എന്നതിന് പുറമെ വനിതകൾക്കായി തൊഴിൽ പരിശീലനങ്ങൾ കൂടി റീച്ചിൽ ആരംഭിച്ചത്. പട്ടികജാതി പട്ടികവർഗ്ഗ വികസന ഡയറക്ടറേറ്റിന്റെ ധനസഹായത്തോടെ മൂന്ന് പഞ്ചായത്തിൽ എൽ.ഇ.ഡി. സാമഗ്രികളുടെ നിർമ്മാണം, സംരംഭകത്വം എന്നിവയിൽ 100 വനിതകൾക്ക് 2019-20 ൽ പരിശീലനം നൽകുകയും സ്വയം തൊഴിൽ ആരംഭിക്കുന്നതിന് സഹായിക്കുകയും ചെയ്തു.

13) **വനിതാ മിത്ര കേന്ദ്രം വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ**

നിലവിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി ഏഴ് വർക്കിംഗ് വിമൻസ് ഹോസ്റ്റലുകൾ നടത്തുന്നതിന് പുറമെ മലപ്പുറത്ത് പെരിന്തൽമണ്ണയിലും എറണാകുളത്ത് കാക്കനാടും കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ ധനസഹായത്തോടെ രണ്ട് പുതിയ ഹോസ്റ്റലുകൾ കൂടി സ്ഥാപിച്ചു വരുന്നു.

14) **ഷീ-ടോയ്‌ലറ്റ്**

യാത്രക്കാരായ സ്ത്രീകൾക്ക് സുരക്ഷിതവും വൃത്തിയുള്ളതും അനായാസേന ഉപയോഗിക്കാൻ കഴിയുന്നതുമായ നൂതന സാങ്കേതിക വിദ്യയുടെ സഹായത്തോടെ രൂപപ്പെടുത്തിയ ശൗചാലയങ്ങൾ ലഭ്യമാക്കുന്ന ഷീ-ടോയ്‌ലറ്റ് പദ്ധതിയിലെ നിലവിലുണ്ടായിരുന്ന 50 എണ്ണത്തിന് പുറമെ പുതിയ 8 ഷീ ടോയ്‌ലറ്റ് കൂടി സ്ഥാപിച്ചിട്ടുണ്ട്.

15) **Advanced Skill Enhancement Programme for Nurses (ASEP – N)**

ആതുര ശുശ്രൂഷാ രംഗത്ത് വൈദഗ്ധ്യമുള്ള ലക്ഷക്കണക്കിന് നഴ്സുമാരെ വർത്തമാന ലോകത്തിന്റെ ആവശ്യമാണെന്നിരിക്കെ വിദേശ രാജ്യങ്ങളിലെ മെച്ചപ്പെട്ട ജോലി സാധ്യതകൾ ലഭ്യമാക്കുന്നതിലേക്കായി റീച്ച് ഫിനിഷിംഗ് സ്കൂളിന്റെ ആഭിമുഖ്യത്തിൽ നഴ്സുമാർക്കായി **ASEP – N** എന്ന പേരിൽ സമഗ്ര നൈപുണ്യ പരിശീലനം ആരംഭിച്ചു.

16) **വനിതാ സഹകരണ സംഘങ്ങൾക്കുള്ള വായ്പാ പദ്ധതി**

കോർപ്പറേഷന്റെ ഫണ്ട് ഉപയോഗിച്ച് കൊണ്ട് വനിതാ സഹകരണ സംഘങ്ങൾക്ക് സംരംഭ പദ്ധതികൾ നടത്തുന്നതിനായി പരമാവധി 10 ലക്ഷം രൂപ വരെ 6% പലി

Suma
Section officer

ശയ്ക്ക് വായ്പയായി നൽകുന്ന വായ്പാ പദ്ധതിയാണ് ഇത്. വനിതകളുടെ സാമ്പത്തിക ശാക്തീകരണത്തിന് പുറമേ വികസന പ്രവർത്തനങ്ങളിൽ കൂടി അവരുടെ പങ്കാളിത്തം ലക്ഷ്യമാക്കിയാണ് ടി പദ്ധതി നടപ്പിലാക്കുന്നത്.

**17) <u>ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSKFDC)</u>**

ദേശീയ സഫായ് കരംചാരീസ് ധനകാര്യ വികസന കോർപ്പറേഷന്റെ സംസ്ഥാന ചാനലൈസിംഗ് ഏജൻസിയായി പ്രവർത്തിക്കുന്നതിനുള്ള സർക്കാർ അനുമതി കോർപ്പറേഷന് ലഭിച്ചതിനെ തുടർന്ന് ശുചീകരണ തൊഴിലാളികളുടെയും അവരുടെ ആശ്രിതരുടെയും സാമൂഹിക, സാമ്പത്തിക ഉന്നമനം ലക്ഷ്യമാക്കി വിവിധ വായ്പാ സഹായ പദ്ധതികൾ, ആദ്യഘട്ടത്തിൽ കുടുംബശ്രീ, ശുചിത്വമിഷൻ എന്നീ സ്ഥാപനങ്ങളുമായി സഹകരിച്ച് 'മഹിളാ സമൃദ്ധി യോജന സ്കീം' ആരംഭിച്ചു.

**18) <u>ദേശീയ പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പറേഷന്റെ വായ്പാ പദ്ധതി (NSTFDC)</u>**

പട്ടികവർഗ്ഗ വിഭാഗത്തിലെ വനിതകൾക്ക് സ്വയം തൊഴിൽ വായ്പ/വിദ്യാഭ്യാസ വായ്പാ സഹായം നൽകുന്ന പദ്ധതിക്കായി ദേശീയ പട്ടിക വർഗ്ഗ ധനകാര്യ വികസന കോർപ്പറേഷനിൽ നിന്ന് ധനസഹായം ലഭ്യമാക്കി ടി വിഭാഗത്തിന്റെ സാമ്പത്തിക ഉന്നമനവും സുരക്ഷിതത്വവും ഉറപ്പ് വരുത്തുന്നതിനുള്ള വായ്പാ പദ്ധതി നടപ്പിലാക്കി.

**19) <u>ആർത്തവ ശുചിത്വ പരിപാലന പരിശീലന ക്ലാസുകൾ</u>**

ഷീ പാഡ് പദ്ധതിയുടെ ഭാഗമായി 6 മുതൽ 12 വരെ ക്ലാസുകളിലെ വിദ്യാർത്ഥിനികളുടെ ആർത്തവ ശുചിത്വവുമായി ബന്ധപ്പെട്ട് പ്രത്യുൽപാദന ആരോഗ്യം, ആർത്തവം, ആർത്തവ പരിപാലനം എന്നിവയിൽ ശാസ്ത്രീയ അവബോധം വരുത്തുന്നതിന് പരിശീലന ക്ലാസുകൾ നടത്തി വരുന്നു.

**20) <u>വിധവകൾക്ക് വേണ്ടിയുള്ള സംരംഭകത്വ വികസന പരിശീലന പരിപാടികൾ</u>**

വിധവകൾക്ക് സാമ്പത്തിക സഹായം നൽകുന്നതിനുള്ള പദ്ധതികൾ നിലവിൽ ഇല്ലയെങ്കിലും 2017-18 ൽ കേരളത്തിലെ 18 മുതൽ 55 വരെ പ്രായമുള്ള വിധവകളുടെ ശാക്തീകരണം മുൻ നിർത്തി ഇദംപ്രഥമായി മൂന്ന് ദിവസം നീണ്ട നിന്ന വിധവാ സംരംഭകത്വ പരിശീലന പരിപാടി സംഘടിപ്പിക്കുകയും പത്ത് ജില്ലകളിൽ നിന്നായി തെരഞ്ഞെടുക്കപ്പെട്ട 300 പേർക്ക് പരിശീലനം നൽകുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ അവരിൽ നിന്ന് സംരംഭം തുടങ്ങുന്നതിനായി വായ്പാ സഹായമാ

Suma
Section officer

വശ്യപ്പെട്ട് വിശദമായ പ്രപ്പോസലുമായി കോർപ്പറേഷനെ സമീപിച്ചവർക്ക് വായ്പ നൽകുന്നതിനായിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

21) **<u>ഐ.സി.സി. ബോധവത്ക്കരണം</u>**

തൊഴിലിടങ്ങളിൽ സ്ത്രീകള് അഭിമുഖീകരിക്കുന്ന ലൈംഗിക പീഡനങ്ങൾ സംബന്ധിച്ച പരാതികൾ പരിഗണിക്കുന്നതിനാണ് ആഭ്യന്തര പരാതി പരിഹാര ക മ്മിറ്റി (Internal Complaints Committee) പ്രവർത്തിക്കുന്നത്. സംസ്ഥാനത്തെ സംഘടിത അസം ഘടിത സ്ഥാപനങ്ങളിലെ ആഭ്യന്തര പരാതി പരിഹാര കമ്മറ്റിയുടെ നിലവിലെ സ്ഥിതിയും അവസ്ഥയും മനസ്സിലാക്കുന്നതിലേക്കായി ഐ.എം.ജി. മുഖേന ഒരു പ ഠനം നടത്തുകയും ചെയ്തു. ഇതിന്റെ പ്രധാന്യത്തെ കുറിച്ച് അവബോധം സൃഷ്ടി ക്കുന്നതിനുള്ള ശില്പശാലകൾ സംഘടിപ്പിച്ചു വരുന്നു.

**<u>കുട്ടികൾക്കായുള്ള പദ്ധതി</u>**

1. **<u>പ്രഥമ സഹസ്രദിനങ്ങൾ (1st 1000 days programme)</u>**

ഗർഭാവസ്ഥയിലെ 9 മാസം മുതൽ കുട്ടികൾക്ക് 2 വയസ്സ് തികയുന്നതുവരെയുള്ള ആദ്യ ആയിരം ദിനങ്ങൾ കുട്ടിയുടെ സമഗ്ര വളർച്ചയിൽ അതീവ പ്രാധാന്യമുള്ളതായതിനാൽ ആദ്യ ആയിരം ദിനങ്ങൾ പ്രത്യേക ശ്രദ്ധ പതിപ്പിക്കേണ്ടതായിട്ടുണ്ട്. അട്ടപ്പാടിയിൽ ആരംഭിച്ച ടി പദ്ധതി 2018-19 മുതൽ തിരഞ്ഞെടുത്ത 10 ICDS പ്രോജക്ടുകളിൽ കൂടി വ്യാപിപ്പിച്ചിട്ടുണ്ട്. പദ്ധതിയുടെ ഭാഗമായി ഗർഭിണികൾക്ക് മെഡിക്കൽ ക്യാമ്പും ഗർഭിണികൾക്കും മുലയൂട്ടുന്ന അമ്മമാർക്കും തെറാപ്യൂട്ടിക് ഫുഡും വിതരണം ചെയ്യുന്നു. മെഡിക്കൽ ക്യാമ്പിൽ പങ്കെടുക്കുന്ന ഗർഭിണികൾക്ക് IFA ഗുളികകൾ, കാത്സ്യം ഗുളികകൾ, പ്രസവം സംബന്ധിച്ച Brochures, സമ്പൂർണ്ണ മുലയൂട്ടലിന്റെ പ്രാധാന്യം സംബന്ധിച്ച് ബുക്ക് ലെറ്റ് എന്നിവ വിതരണം ചെയ്യുന്നു.

**<u>2. മൊബൈൽ ക്രഷ്:</u>** അന്യ സംസ്ഥാന തൊഴിലാളികളുടെ കുട്ടികളെ പകൽ സമയത്തു പരിപാലിക്കുന്നതിനായി സംസ്ഥാനത്ത് വിവിധ ജില്ലകളിൽ മൊബൈൽ ക്രഷുകൾ പ്രവർത്തിച്ചു വരുന്നു.

**3. <u>ഉജ്ജ്വല ബാല്യം</u>**

കല, കായികം, സാഹിത്യം, ശാസ്ത്രം, സാമൂഹികം എന്നീ മേഖലകളിൽ അസാധാരണ കഴിവ് പ്രകടിപ്പിക്കുന്ന കുട്ടികൾക്ക് അവാർഡ് നൽകി വരുന്നു.

Section Officer

4. **ഗ്രൂപ്പ് ഫോസ്റ്റർ കെയർ**

സംസ്ഥാനത്ത് ബാലനീതി നിയമപ്രകാരം രജിസ്റ്റർ ചെയ്ത വിവിധ സ്ഥാപനങ്ങളുടെ സംരക്ഷണയിൽ കഴിയുന്ന കുട്ടികളുടെ പുനരധിവാസത്തിനു വേണ്ടിയാണ് ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നത്. പരീക്ഷണാടിസ്ഥാനത്തിൽ വിവിധ ജില്ലകളിൽ 72 കുട്ടികൾക്കാണ് പദ്ധതി മുഖാന്തിരം പ്രതിമാസം 2,000/- രൂപ നിരക്കിൽ ഒരു വർഷത്തേക്ക് 17,28,000/- രൂപ ഐ.സി.പി.എസ്. എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകാരം നൽകി. സംസ്ഥാനത്ത് 187 കുട്ടികളെയാണ് ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി ജില്ലകളിൽ നിന്ന് റിപ്പോർട്ട് ലഭ്യമാക്കിയിരിക്കുന്നത്. 98 സന്നദ്ധ സംഘടനാ സ്ഥാപനങ്ങൾ ഗ്രൂപ്പ് ഫോസ്റ്റർ കെയർ പദ്ധതിയിൽ താൽപര്യം പ്രകടിപ്പിച്ചിട്ടുണ്ട്.

5. **കിൻഷിപ്പ് ഫോസ്റ്റർ കെയർ**

ബാലനീതി നിയമ പ്രകാരം രജിസ്റ്റർ ചെയ്തിട്ടുള്ള സ്ഥാപനങ്ങളിലെ കുട്ടികളെ കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതിയുടെ ഭാഗമാക്കുന്നതിനായി ഒരു ജില്ലയിൽ നിന്നും 25 കുട്ടികളെ തെരെഞ്ഞെടുക്കുന്നതിനും ഒരു കുട്ടിയ്ക്ക് പ്രതിമാസം 2,000/- രൂപ നിരക്കിൽ ഒരു വർഷത്തേയ്ക്ക് 84,00,000/- രൂപ നൽകുന്നതിന് ഭരണാനുമതി ലഭ്യമായിരുന്നു. ആയതു പ്രകാരം ജില്ലകളിൽ നിന്നും 162 കുട്ടികളെ കിൻഷിപ്പ് ഫോസ്റ്റർ കെയർ പദ്ധതിയിൽ ഉൾപ്പെടുത്തി തുക അനുവദിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു.

6. **ആഫ്റ്റർ കെയർ പദ്ധതി**

ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ജെ.ജെ ആക്ട് 2015 സെക്ഷൻ2 (14) പ്രകാരമുള്ള ശ്രദ്ധയും പരിചരണവും ആവശ്യമുള്ള കുട്ടികളെയാണ് (സി.എൻ.സി.പി) ചിൽഡ്രൻസ് ഹോമുകളിൽ സംരക്ഷിക്കുന്നത്. ഇത്തരം കുട്ടികൾക്ക് 18 വയസ്സ് പൂർത്തിയാകുന്നതുവരെ ശാരീരിക, വൈകാരിക, വിദ്യഭ്യാസപരമായ എല്ലാ പരിരക്ഷകളും സർക്കാർ ഉറപ്പ് വരുത്തുന്നുണ്ട്. എന്നാൽ ജെ.ജെ ആക്ട് 2015 സെക്ഷൻ 46 പ്രകാരം ഈ കുട്ടികളെ 18 വയസ്സ് പൂർത്തിയാകുമ്പോൾ സി.ഡബ്ല്യൂ.സി-യുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ സ്ഥാപനത്തിൽ നിന്നും റിലീസ് ചെയ്യുന്നു. ഇത്തരത്തിൽ പുറത്തു പോകുന്ന കുട്ടികളിൽ അൻപത് ശതമാനത്തോളം പേർ സമൂഹത്തിൽ ഒറ്റപ്പെട്ട് തീർത്തും നിരാലംബരായി മാറുന്നു. ഇവരുടെ പുനരധിവാസം ഏറ്റെടുക്കേണ്ടതുണ്ട്. ഇതോടൊപ്പം ചൈൽഡ് വെൽഫയർ കമ്മിറ്റികളുടെയും, ജുവനൈൽ ജസ്റ്റിസ്

Section Officer

ബോർഡുകളുടേയും പരിഗണനയിൽ വന്നിട്ടുള്ള 18 വയസ്സ് പൂർത്തിയായവരുടെ സംരക്ഷണം കൂടി ഉറപ്പു വരുത്തേണ്ടതുമുണ്ട്.

സംസ്ഥാനത്ത് വനിതാ ശിശു വികസന വകുപ്പ് HLFPPT- യുടെ സഹായത്തോടെ നാല് ഹോമുകളെ കേന്ദ്രീകരിച്ച് ആഫ്റ്റർ കെയർ പദ്ധതി നടപ്പിലാക്കുന്നതിന് 32 ലക്ഷം രൂപ അനുവദിച്ചു. HLFPPT-യുമായി എം.ഒ.യു വയ്ക്കുകയും പദ്ധതി ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. പൈലറ്റ് അടിസ്ഥാനത്തിൽ കോഴിക്കോട് ഗവ. ചിൽഡ്രൻസ് ഹോം (ബോയ്സ്), കോഴിക്കോട് ഗവ ചിൽഡ്രൻസ് ഹോം (ഗേൾസ്), കോഴിക്കോട് ഗവ ആഫ്റ്റർ കെയർ ഹോം (ഗേൾസ്), കണ്ണൂർ ഗവ ആഫ്റ്റർ കെയർ ഹോം (ബോയ്സ്) എന്നീ സ്ഥാപനങ്ങളിലാണ് പദ്ധതി നടപ്പിലാക്കുന്നത്.

7. **<u>കാവൽ</u>**

കേരളത്തിലെ പല കുട്ടികളും നിലവിൽ സാമൂഹിക - ശാരീരിക - മാനസിക പ്രശ്നങ്ങൾ നേരിടുന്നുണ്ട്. ഒരേ സമയം തന്നെ വ്യക്തിപരമായതും, കുടുംബപരമായതും, സാമൂഹ്യപരവുമായ നിരവധി പ്രശ്നങ്ങൾ അഭിമുഖീകരിച്ചുകൊണ്ടാണ് ഈ കുട്ടികളും കുടുംബങ്ങളും ജീവിയ്ക്കുന്നത്. ഇത്തരത്തിൽ ബാലക്ഷേമ സമിതി / ജുവനൈൽ ജസ്റ്റീസ് ബോർഡ് മുമ്പാകെ എത്തുന്ന ഗുരുതരമായ പ്രശ്നങ്ങൾ നേരിടുന്ന കുട്ടികളെ സാധാരണയായി കുട്ടി വന്ന സാഹചര്യത്തിലേയ്ക്ക് തിരിച്ചയക്കുകയോ അല്ലായെങ്കിൽ സ്ഥാപനവൽക്കരിക്കുകയാണ് ചെയ്യുന്നത്. ഇത് കുട്ടികൾക്കും അവരുടെ കുടുംബാഗങ്ങൾക്കും മാനസികവും സാമൂഹികവുമായ നിരവധി പ്രശ്നങ്ങൾ സൃഷ്ടിക്കുന്നുണ്ട്. ഈ കുട്ടികളെ തിരികെ കുടുംബത്തിലേയ്ക്കും സമൂഹത്തിലേയ്ക്കും പുനരധിവസിപ്പിയ്ക്കേണ്ടത് കുട്ടികളുടെ ശാരിരീക - മാനസിക - സാമൂഹിക വികാസത്തിന് അത്യന്താപേക്ഷിതമാണ്.

ഈ സാഹചര്യം ഉൾക്കൊണ്ടുകൊണ്ട് വനിതാ ശിശു വികസന വകുപ്പ് നിംഹാൻസ് ബാംഗ്ലൂരിന്റെ സാങ്കേതിക സഹായത്തോടെ സന്നദ്ധ സംഘടനകളുമായി ചേർന്ന് ജുവനൈൽ ജസ്റ്റീസ് ബോർഡ് മുമ്പാകെ എത്തുന്ന നിയമവുമായി പൊരുത്തപ്പെടാനാകാത്ത കുട്ടികൾക്ക് മനശാസ്ത്രപരമായ പരിരക്ഷയും പിൻതുണയും നൽകി സ്വഭാവപരിവർത്തനം സാധ്യമാക്കി ശരിയായ സാമൂഹ്യജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയാണ് കാവൽ പദ്ധതി ആരംഭിച്ചത്. നിലവിൽ 14 ജില്ലകളിലുമായി 2056 കുട്ടികൾക്കു പരിരക്ഷയും പിൻതുണയും നൽകി വരുന്നു.

Sd/-
SECTION OFFICER

8. **കാവൽ പ്ലസ്**

ഇന്ത്യയ്ക്ക് തന്നെ മാതൃകയായി മാറിയ കാവൽ പദ്ധതിയുടെ തുടർച്ചയായി ശ്രദ്ധയും സംരക്ഷണവും ആവശ്യമുള്ള കുട്ടികൾക്ക് സാമൂഹിക - മാനസിക പരിരക്ഷയും പിന്തുണയും നൽകി ശരിയായ സാമൂഹ്യജീവിതം നയിക്കാൻ അവരെ പ്രാപ്തരാക്കുക എന്ന ലക്ഷ്യത്തോടെയുള്ള സാമൂഹ്യ ഇടപെടൽ പരിപാടികൾ രൂപീകരിയ്ക്കുന്നതിന് തീരുമാനിച്ചു. ആയതിന്റെ ഭാഗമായി ബാലക്ഷേമ സമിതി മുമ്പാകെ എത്തുന്ന തീവ്രമായ പ്രശ്നങ്ങൾ അനുഭവിക്കുന്ന ശ്രദ്ധയും സംരക്ഷണവും ആവശ്യമായ കുട്ടികൾക്കായി കാവൽ പ്ലസ് പദ്ധതി ആരംഭിച്ചു. ആദ്യ ഘട്ടത്തിൽ തിരുവനന്തപുരം, പാലക്കാട് ജില്ലകളിലാണ് നടപ്പാക്കുന്നത്.

9. **പാരന്റിംഗ് കാമ്പയിൻ– കരുതൽ സ്പർശം**

കുട്ടികളിലെ ആക്രമവാസന, മാനസിക സംഘർഷങ്ങൾ മുതലായ പ്രശ്നങ്ങൾക്ക് കാരണം ശരിയായ പാരന്റിംഗിന്റെ അഭാവം കൊണ്ടാണെന്ന് പഠനങ്ങൾ സൂചിപ്പിക്കുന്നു. ഈ സാഹചര്യത്തിൽ പോസിറ്റീവ് ആന്റ് റെസ്പോൺസിബിൾ പാരന്റിംഗിൽ മാതാപിതാക്കൾക്കിടയിൽ ഒരു അവബോധം സൃഷ്ടിക്കുവാനും അവരെ അത് ശീലിപ്പിക്കുവാൻ പ്രോത്സാഹിപ്പിക്കുകയും ചെയ്യുക എന്ന ഉദ്ദേശത്തോടെ കാമ്പയിൻ നടപ്പിലാക്കുന്നതിന് കരുതൽ സ്പർശം പദ്ധതി തയ്യാറാക്കിയിട്ടുണ്ട്. യൂണിസെഫിന്റെ സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതിയിൽ പ്രധാനമായും സോഷ്യൽമീഡിയ, എഫ്.എം, മറ്റു ഡിജിറ്റൽ മാധ്യമങ്ങൾ, അച്ചടി മാധ്യമങ്ങൾ എന്നിവയിലൂടെയുള്ള പ്രചാരണങ്ങളാണ് ഉദ്ദേശിക്കുന്നത്. പദ്ധതി നടപ്പിലാക്കുന്നതിനു മുന്നോടിയായി അങ്കണവാടി പ്രവർത്തകരിലൂടെ മാതാപിതാക്കൾക്കിടയിൽ പാരന്റിംഗുമായി ബന്ധപ്പെട്ട അവരുടെ നിലവിലുള്ള അറിവ് മനസ്സിലാക്കുന്നതിന് ഒരു ഗൂഗിൾ സർവ്വേയും ആരംഭിച്ചു.

10. **ശരണബാല്യം പദ്ധതി**

ബാലവേല - ബാലഭിക്ഷാടനം - തെരുവ് ബാല്യ വിമുക്തകേരളം എന്ന ലക്ഷ്യത്തോടെ വിവിധ വകുപ്പുകളുടെ ഏകോപനത്തോടെ പത്തനംതിട്ടയിൽ ആരംഭിച്ച പദ്ധതി സംസ്ഥാനമൊട്ടാകെ നടപ്പിലാക്കി.

Suma
Section Officer